"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

15 YEARS OF CELEBRATING THE MAHATMA

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പനത്തടി ഗ്രാമപഞ്ചായത്ത് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (പ്രോ.നം. 37/2020) വിതരണത്തിലെ വീഴ്ച്ച - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1975/2020/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 20/10/2020**

---

പരാമർശം:- 1 പനത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.07.2020 -ലെ കത്ത്

2 കാസർകോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.8.2020 ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020-ലെ 4.11 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

പനത്തടി ഗ്രാമപഞ്ചായത്തിൽ 2019-20 വാർഷികപദ്ധതി (പ്രോ.നം. 37/2020) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി പദ്ധതി പ്രകാരം 80 മേശയും കസേരയും വാങ്ങി. നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. പനത്തടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രാന്തൻകാവ് GUPS ൽ തൊട്ടടുത്ത കള്ളാർ, ബളാൽ എന്നീ ഗ്രാമപഞ്ചായത്തിലെ ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർ നൽകിയ ലിസ്റ്റ് പ്രകാരമാണ് ഫർണിച്ചർ നൽകിയത്. അബദ്ധവശാൽ സമീപ പഞ്ചായത്തായ കള്ളാർ, ബളാൽ എന്നീ ഗ്രാമപഞ്ചായത്തിൽ താമസക്കാരായ 5 വിദ്യാർത്ഥികൾക്കും ഫർണിച്ചർ നൽകി. പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്ന പനത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) അപേക്ഷ പരാമർശം (2) പ്രകാരം കാസർകോട് ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പനത്തടി ഗ്രാമപഞ്ചായത്തിൽ 2019-20 വാർഷികപദ്ധതി (പ്രോ.നം. 37/2020) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതിയിൽ സമീപ പഞ്ചായത്തായ കള്ളാർ ബളാൽ എന്നീ ഗ്രാമപഞ്ചായത്തിൽ താമസക്കാരായ 5 വിദ്യാർത്ഥികൾക്കും ഫർണിച്ചർ നൽകിയ പനത്തടി ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു. ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്നും നിർദ്ദേശം നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, പനത്തടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.

✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഡയറക്ടർ. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം. തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.[illegible] 16:22:41 IST
Reason: Approved
സെക്ഷൻ ഓഫീസർ